# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



## ഹിന്ദു യു.പി.എസ്

## ഇരമല്ലിക്കര

BRC – പുലിയൂർ

CRC –മഴുക്കീർ

2025-26

Hindu UPS Eramallikkara, Tiruvanvandoor
Ph. 04792428577
hinduups@gmail.com

# PROFILE

| | |
|---|---|
| Name of School | :Hindu UPS, Eramallikkara |
| Date of establishment | :1953 |
| Name of village | :Thiruvavandoor |
| Name of cluster | :Mazhukkeer |
| Name of Panchayat | : Thiruvavandoor |
| Name of Block | :Chengannur |
| Name of BRC with phone Number | :Puliyoor |
| Name of District | :Alappuzha |
| Name of Sub District | :Chengannur |
| Name of H M | :Suja G Pillai |
| Mob.Number | 9446988470 |
| Senior Assistant | 9400630740 |
| Email ID | :hinduupseramallikkara@gmail.com |
| School Code No | :36670 |
| Name of Taluk | :Chengannur |

# ഹിന്ദു യു.പി.എസ്, ഇരമല്ലിക്കര
# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ഇരമാലിക്കളുടെ കരയായ ഇരമല്ലിക്കരയിലാണ് ഹിന്ദു. യു.പി.എസ്സ് എന്ന വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പ്രകൃതിയുടെ ആകർഷക വരദാനമായ ഈ ഗ്രാമത്തിൽ 1953ൽ എൻ.എസ്.എസ് കരയോഗത്തിന്റെ നേതൃത്വത്തിൽ വിദ്യാദാനം എന്ന മഹത്തായ കർമ്മത്തിനു വേണ്ടി ആരംഭിച്ച ഈ വിദ്യാലയം 1958ൽ യു.പി വിഭാഗം കൂടി ആരംഭിക്കുകയും 850ൽ അധികം വിദ്യാർത്ഥികളും 22ൽ അധികം അധ്യാപകരും ഉള്ള ഒരു സരസ്വതി ക്ഷേത്രമായി ഉയരുകയും ചെയ്തു. പിന്നീട് ഇതിന്റെ ഭരണ സാരഥ്യം തിരുവിതാംകൂർ ദേവസ്വം ബോർഡിന് എത്തിച്ചേരുകയും ചെയ്തു. കാലത്തിന്റെ ഗതിവിഗതികളിൽപെട്ട് നിറഞ്ഞും മെലിഞ്ഞും അതിന്റെ ജൈത്രയാത്ര തുടരുകയാണ്.ഈ സ്കൂളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർവ്വതോന്മുഖമായ വികാസം ലക്ഷ്യമാക്കി കൊണ്ട് പ്രവർത്തിക്കുന്നതിനു വേണ്ടിയാണ് ഒരു നല്ല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സമഗ്രമായ പ്രവർത്തനങ്ങൾ ചിട്ടയായ നടത്തിലിപ്പിലൂടെ കുട്ടികളിൽ അഭിലഷണീയമായ വ്യക്തിത്വ വികാസനത്തിനുള്ള പ്രേരണയാകും. 2025-26 അക്കാദമിക വർഷം വിദ്യാലയ ചരിത്രത്തിലെ നാഴികക്കല്ലായി മാറുമെന്ന് പ്രത്യാശിക്കുന്നു.

## ചരിത്രം

പുരാണേതിഹാസങ്ങളുമായി ബന്ധപ്പെട്ട ഒരു ദിവ്യചരിത്രം ആണ് ഇരമല്ലിക്കരക്കുള്ളത്. വനവാസകാലത്ത് ഭഗവാൻ ഇരതേടി നടന്ന സ്ഥലമായതു കൊണ്ട് ഇരമല്ലിക്കര എന്ന് ഹൈന്ദവ വിശ്വാസം. പമ്പ – മണിമല എന്നീ നദികളുടെ സംഗമ സ്ഥാനം എന്ന ചരിത്ര പശ്ചാത്തലം കൂടി ഇരമല്ലിക്കരക്കുണ്ട്. ഈ വിശ്വാസം ഊട്ടിയുറപ്പിക്കുന്ന ഹരിതഭംഗിയും ദൃശ്യചാരുതയും ഇരമല്ലിക്കര സ്കൂളിനുണ്ട്.

ഇരമല്ലിക്കരയിൽ ഏതാണ്ട് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ഗ്രാമവാസികൾക്ക് വിദ്യാഭ്യാസ സ്ഥാപനം മറ്റൊന്നില്ലാത്ത സാഹചര്യത്തിലാണ് ഒരു വിദ്യാലയത്തിന്റെ പിറവിക്ക വേണ്ടി നല്ലവരായ നാട്ടുകാരുടെയും എൻ.എസ്.എസ്. കരയോഗം ഭാരവാഹികളുടെയും പരിശ്രമം ഉണ്ടായത്. ഇതിനു വേണ്ടി ചുക്കാൻ പിടിച്ചവരിൽ പ്രമുഖർ മാത്തിൽ ശ്രീ. ബാലരാമപണിക്കർ (സെക്രട്ടറി), ശ്രീ. എം.കെ. രാമൻ (ഡിവിഷണൽ ഇൻസ്പെക്ടർ), ഉടൽക്കര ശ്രീ. ചന്ദ്രശേഖരൻ പിള്ള (സെക്രട്ടറി) എന്നിവരാണ്.

ശ്രേഷ്ഠരും വൈഭവന്മാരുമായ ഒരു ശിഷ്യശ്രേണി ഈ സ്കൂളിനു സ്വന്തം. അതിൽ പ്രാമുഖ്യം വഹിക്കുന്ന ചിലരുടെ പേരുകൾ, പ്രവർത്തന മേഖലകൾ ഇവ മാത്രം പരാമർശിക്കട്ടെ.

അധ്യാപക മേഖലയിൽ പ്രശസ്തി ആർജിച്ച് ഡോ. വിനോയ് തോമസ് (ക്രിസ്ത്യൻ കോളേജ്, ഫിസിക്സ് പ്രൊഫസർ), ഹരികുമാർ മാവേലിക്കര (ഒടക് നിക്കൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽ), വത്സല, ജയശ്രീ, സുലോചന, ഹിന്ദു.യു.പി.എസ്സിന്റെ സ്വന്തം സുജ.ജി.പിള്ള ഇവരെപ്പോലെ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന ഇന്ദിര, രതിദേവി, ദീപക് എന്നിവർ. സാമൂഹിക-രാഷ്ട്രീയ മേഖലയിൽ

മുൻപന്തിയിൽ നിൽക്കുന്ന സുരേഷ് അമ്പീരത്ത്, വാർഡ് മെമ്പർ നിഷ ബിന്ദു, പ്രസന്നകുമാർ. മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന രാജൻ സി. ഇരമല്ലിക്കര (മാതൃഭൂമി), പ്രവീൺ ശങ്കരമംഗലം (പൊതു പ്രവർത്തകൻ). ബാങ്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന ഹരികുമാർ, മനു പ്രസാദ് (അസി. മാനേജർ, ഇന്ത്യൻ ബാങ്ക്), എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന അനീഷ്. പുളിക്കാരത്ത്. മറ്റ് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ശാന്തമ്മ പുന്നത്തറയിൽ (ടെലികോം), കുമാരി സുധ (തപാൽ വകുപ്പ്) ഇടങ്ങിയവരും സ്വദേശത്തും വിദേശത്തും സ്വന്തം കർമ്മരംഗങ്ങളിൽ പ്രാവീണ്യം തെളിയിച്ച പ്രതിഭകളും ഈ സ്കൂളിന്റെ സമ്പത്താണ്.

## അവസ്ഥാ വിശകലനം

ഇടക്കാലത്തിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും, കാലാനുസൃതമായ മാറ്റം കൈക്കൊണ്ട് സയൻസ് ലാബും, ലൈബ്രറികളും, കമ്പ്യൂട്ടറുകളും പ്രീപ്രൈമറി വിദ്യാഭ്യാസവും ഈ സ്കൂളിന് സ്വന്തമായി. എന്നാൽ ഇന്നത്തെ ഹൈടെക് വിദ്യാഭ്യാസത്തിന് ഇവ ഒന്നുമല്ല. വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാതെ ധാരാളം പരിമിതികളോടെ ഉന്നമനം സ്വായത്തമാക്കുവാനുള്ള ശ്രമം പ്രയത്നത്തിലാണ് ഈ സ്കൂളിലെ ഒരു കൂട്ടം അധ്യാപകർ. ഞങ്ങളുടെ ലക്ഷ്യം ഈ സ്കൂളിന്റെ ഉന്നമനമാണ്. അത് ജനപങ്കാളിത്തത്തോടെ സ്വായത്തമാക്കുവാൻ കഴിയും എന്ന ഉറച്ച വിശ്വാസം ഞങ്ങളിലുണ്ട്. അതിന്റെ മുന്നോടിയായി പി.റ്റി.എ യുടെയും വിദ്യാലയ സംരക്ഷണ സമിതിയുടെയും കൂട്ടായ പ്രവർത്തന ഫലമായി 2017 മെയ് 28-ാം തീയതി പൂർവ്വ വിദ്യാർത്ഥി സമ്മേളനം നടന്നു. ആ സമ്മേളനത്തിൽ വിശിഷ്ടാതിഥിയും ഉദ്ഘാടകനുമായിരുന്ന ബഹുമാനപ്പെട്ട എം. എൽ.എ സ്കൂളിന് ആവശ്യം വേണ്ട ലാപ് ടോപ്പുകളും കമ്പ്യൂട്ടറുകളും നൽകാം എന്ന് വാഗ്ദാനം നൽകി. അത് താമസിയാതെ കൈവന്നു ചേരും എന്ന് പ്രതീക്ഷയുണ്ട്. ഇപ്പോൾ നിലവിലുള്ള രണ്ട് ഡെസ്ക്ടോപ്പുകളുടെ സഹായത്തോടെ കുട്ടികൾ അവരുടെ പാഠഭാഗങ്ങൾ പഠിക്കുന്നു. പൂർവ്വ വിദ്യാർത്ഥി സമ്മേളനത്തിൽ ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പറും, ഗ്രാമപഞ്ചായത്ത് മെമ്പറും, പൂർവ്വ അധ്യാപകരും, പൂർവ്വ വിദ്യാർത്ഥികളും പങ്കെടുത്തിരുന്നു.

സ്കൂൾ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പി.ടി.എ യുടെയും വിദ്യാലയ സംരക്ഷണ സമിതിയുടെയും ശ്രമഫലമായി ചില സുമനസ്സുകളായ പൂർവ്വ വിദ്യാർത്ഥികൾ ഒരു പാർക്ക് നിർമ്മിച്ചു (ഊഞ്ഞാൽ, സീസോ) അതോടൊപ്പം തന്നെ സ്കൂളിന്റെ മതിലിൽ ചിത്രങ്ങളും വരച്ച് മനോഹരമാക്കി. അടുത്ത അഞ്ചു വർഷത്തിനകത്ത് സ്കൂളിന് എല്ലാ ഹൈടെക് സാധ്യതകളും ഉണ്ടാക്കിയെടുക്കേണ്ടത് സ്കൂളിന്റെ സമഗ്ര വികസനത്തിന് അനിവാര്യമാണ്.

അധ്യാപകർ പ്രവർത്തനനിരതരാണ്. ഒരേ മനസ്സോടെ തങ്ങളുടെ മുമ്പിൽ ഞങ്ങളെ വിശ്വസിച്ച് എത്തിയിരിക്കുന്ന കുരുന്നുകളുടെ സർവ്വോന്മുഖമായ മികവ് ആണ് ഞങ്ങളുടെ ലക്ഷ്യം. അതിനായി എല്ലാ കുട്ടികളുടെ വീടുകളിലും അധ്യാപക പ്രതിനിധികൾ സന്ദർശനം നടത്തി. അവരുടേതായ എല്ലാ ബുദ്ധിമുട്ടുകളും മനസ്സിലാക്കുകയും പോംവഴികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്കൂളിൽ നടത്തിയ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ കുട്ടികളെ വിലയിരുത്തുകയുണ്ടായി. മുഴുവൻ കുട്ടികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. അവർക്ക് സ്വന്തമായി പഠനമുറിയോ മറ്റു പഠന സൗകര്യങ്ങളോ ഒന്നും തന്നെയില്ല. സ്കൂളിൽ നിന്നും ലഭിക്കുന്ന പാഠപുസ്തകങ്ങളല്ലാതെ അനുബന്ധ വായനാസാമഗ്രികളോ പഠന ഉപകരണങ്ങളോ ഇല്ല. രക്ഷകർത്താക്കളുടെ മനോഭാവം ഒരു പ്രധാന

ഘടകമാണ്. പലതരത്തിലും ജീവിതം പ്രതിസന്ധികളോടുള്ള വെല്ലുവിളികളാണ്. അതിനിടയിൽ കുട്ടികളെ ശ്രദ്ധിക്കാനും പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും കഴിയാതാത് ഈ സ്കൂളിന്റെ വികസനത്തെ കാര്യമായി ബാധിക്കുന്നു.

പ്രവർത്തനങ്ങളുടെ മികവിൽ എടുത്തു പറയേണ്ടത് ദിനാചരണങ്ങളാണ്. എല്ലാ പ്രവർത്തനങ്ങളും അത് എന്തിനുവേണ്ടി എന്നത് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ കഴിയുന്നുണ്ട്.

സുസജ്ജമായ ഒരു ലാബ് ഇതുവരെ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വർഷത്തെ എസ്.എസ്.എ ഫണ്ട് ഇതിനായി മാറ്റിവെച്ചിരിക്കുകയാണ്. ടെക് - നിഷ്യന്മാരെ ലഭിക്കുന്ന ഏറ്റവും അടുത്ത സമയത്തിനുള്ളിൽ ലബോറട്ടറി പുനസജ്ജീകരണം നടക്കും. അത്യാവശ്യം വേണ്ടുന്ന ലാബ് എക്യുപ്മെന്റ്സ് രക്ഷാകർത്താക്കൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. കൂടാതെ നല്ലവരും ഉദാരമനസ്കരുമായ ചില പ്രതിഭാശാലികൾ ടെസ്റ്റ്ട്യൂബുകളും സ്റ്റാന്റുകളും നൽകാം എന്നറിയിച്ചിട്ടുണ്ട്. ലാബ് സജ്ജമായിക്കഴിഞ്ഞാൽ ബേസിക് സയൻസ് ക്ലാസ്സുകളെല്ലാം ലാബിൽ വെച്ചാകണം നടക്കുന്നത്.

നിലവിലുള്ള രണ്ട് DESKTOP-കൾ ഉൾപ്പെടുത്തി ഇപ്പോഴുള്ള ലാബ് പരിഷ്കരിക്കണം. കൂട്ടത്തിൽ രണ്ട് പ്രൊജക്ടറും സ്ക്രീനും നിലവിൽ ഉണ്ട്. 2 ക്ലാസ്സ് മുറികൾ ഹൈടെക് ആണ്. പഠനബന്ധ പ്രവർത്തനങ്ങളും ക്ലാസ്സുകളും എല്ലാം ഇന്ന പ്രതീക്ഷിക്കുന്ന ഹൈടെക് സാധ്യതകളിൽ നിലനിർത്താൻ സാധിക്കും.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ സൗകര്യങ്ങളും നേടിയെടുത്ത് സ്കൂളിനൊരു സമഗ്ര വികസനം, അതിന് കണ്ടെത്തേണ്ട ചിലവ് പൂർവ്വാധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, സർക്കാർ ഇവരിൽ നിന്നും ലഭിക്കുന്നതിനൊപ്പം അധ്യാപകരുടെ പങ്കാളിത്തവും ഉണ്ടാകും.

കുട്ടികളുടെ അപര്യാപ്തത മൂലം ഉണ്ടായിരിക്കുന്ന ഇപ്പോഴത്തെ ശോചനീയാവസ്ഥ മാറി എല്ലാ ഡിവിഷനും കുട്ടികളാൽ സമൃദ്ധമായ അന്തരീക്ഷം എത്രയും വേഗം കൈവരാൻ വേണ്ട എല്ലാ പ്രവർത്തനങ്ങളും ഈ സ്കൂൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇനിയുള്ള കാലം അതിനുള്ള ആർജ്ജവം നേടാനുള്ള തീവ്രയത്നത്തിലാണ് ഞങ്ങൾ അധ്യാപകർ. ഓരോ പ്രവർത്തനങ്ങളും മുൻകൂട്ടി പദ്ധതി തയ്യാറാക്കി SRG മിനിട്ട്സിൽ രേഖപ്പെടുത്തിയ ശേഷമാണ് നടപ്പാക്കുന്നത്. ഒരേ മനസ്സോടെ സ്കൂളിന്റെ ഉന്നമനം ലാക്കാക്കി പ്രവർത്തിക്കുന്ന അധ്യാപക കൂട്ടായ്മയാണ് ഈ സ്കൂളിന്റെ എടുത്തു പറയേണ്ട സവിശേഷത.

ഓരോ അധ്യയന വർഷത്തിലും നടപ്പാക്കേണ്ട പദ്ധതികൾ പി.ടി.എയും അധ്യാപകരും, വിദ്യാലയ സംരക്ഷണ സമിതിയും ചേർന്ന് രൂപം കൊടുത്താണ് നടപ്പിലാക്കുന്നത്. ഈ അക്കാദമിക മാസ്റ്റർ പ്ലാനിലേക്ക് വിദ്യാലയ മികവിനായി ഒരു കൂട്ടം അധ്യാപകരുടെ സ്വപ്ന സാക്ഷാത്കാരമാണ് നിറയുന്നത്. 2022-2023 അക്കാദമിക വർഷം മുതൽ ഇടർച്ചയായി മൂന്ന് വർഷം സബ് ജില്ലാ കലോത്സവത്തിൽ യു.പിസ്സ് സെക്കൻഡ് ഓവറോൾ നേടാൻ കഴിഞ്ഞത് സ്കൂളിന്റെ ഒരു ചരിത്ര നേട്ടമായി. കായികമേളയിലും പ്രവർത്തിപരിചയ സാമൂഹ്യശാസ്ത്രമേളയിലും വിജയം കൈവരിക്കാൻ കഴിഞ്ഞത് മറ്റൊരു നേട്ടമായി. വിസ്താരത്തല്ലാത്ത പല നേട്ടങ്ങളും ഈ സ്കൂളിൽ നടപ്പിൽ വരുത്തണം എന്ന ദൃഢനിശ്ചയത്തോടെ ഞങ്ങൾ അതിനെ പട്ടികപ്പെടുത്തുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ടുന്ന മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാണെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- എൽ.പി ക്ലാസ്സുകളിൽ സചിത്ര പാഠപുസ്തകം നിർബന്ധമാക്കുക.
- എൽ. പി. ക്ലാസ്സുകളിൽ റീഡേഴ്സ് തീയറ്റർ, പാട്ടരങ്ങ് ഇവ നടപ്പിലാക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- എ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കാം.
- മുഴുവൻ ക്ലാസ്സുകളിലും ഐസിടി സാധ്യത ഉറപ്പ് വരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽനിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പു വരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

## അധ്യാപകരും വിവരങ്ങളും–2025–2026

| അധ്യാപകന്റെ പേര് | ക്ലബ് ചുമതല |
|---|---|
| 1. സ്വപ്ന ജി. പിള്ള | എച്ച്.എം |
| 2. രജനി പി. ജി | സ്റ്റാഫ് സെക്രട്ടറി, ഹിന്ദി, നാടകം |
| 3. ജ്യോതി കെ. എസ് | എസ്. ആർ. ജി കൺവീനർ , വിദ്യാരംഗം, ലൈബ്രറി |
| 4. ശ്രീലക്ഷ്മി ആർ. എസ് | ഇംഗ്ലീഷ്, കാർഷികം, ആരോഗ്യം |
| 5. അശ്വതി രാമചന്ദ്രൻ | ഗണിതം, ഉച്ചഭക്ഷണം |
| 6. നന്ദകിഷോർ എസ് | പ്രവൃത്തി പരിചയം, കായികം, സീഡ് ക്ലബ് |
| 7. ഹരിത മധു | സോഷ്യൽ സയൻസ്, പി.ടി.എ |
| 8. അഭിലാഷ് എ | ഐ.ടി, കമ്പ്യൂട്ടർ |
| 9. ജിജി ജി | മലയാളം, അച്ചടക്കം |
| 10. പ്രീതി പി. എസ് | സയൻസ്, ശുചിത്വം |

## ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | വി.ഐ | സി.പി | എം.ആർ | ഓട്ടിസം | പഠന പിന്നോക്കം | അംഗപരിമിതി | ആകെ |
|---|---|---|---|---|---|---|---|
| 1 | | | | 1 | | | |
| 2 | | 1 | | | | | |
| 3 | | | 1 | | | | |
| 4 | | | | | | | |
| 5 | 2 | | | | | | |
| 6 | | | | | | | |
| 7 | | | | | | | |
| ആകെ | | | | | | | |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| 1. ക്ലാസ് റൂം | 8 | 3 |
| 2. ആൺകുട്ടികളുടെ ടോയ് ലെറ്റ് | 1 | 2 |
| 3. പെൺകുട്ടികൾക്കുള്ള ടോയ് ലെറ്റ് | 1 | 2 |
| 4. കിണർ | 1 | - |
| 5. ലൈബ്രറി | 1 | - |
| 6. ചുറ്റുമതിൽ | ഉണ്ട് | |
| 7. കളിസ്ഥലം | ഭാഗികം | |
| 8. ക്ലാസ് റൂമിൽ റാമ്പ് | ഇല്ല | |
| 9. അടുക്കള | ഉണ്ട് | |
| 10. കമ്പ്യൂട്ടർ ലാബ് | 1 | |
| 11. സ്റ്റാഫ് റൂം | 1 | |
| 12. സ്കൂൾ ബസ് | ഇല്ല | |
| 13. വിഷയലാബുകൾ | 1 | |
| 14. സ്റ്റേജ് | ഉണ്ട് | |
| 15. കമ്പ്യൂട്ടർ | 1 | |
| 16. ലാപ് ടോപ്പ് | 2 | |
| 17. സൗണ്ട് സിസ്റ്റം | ഇല്ല | |
| 18. പ്രൊജക്ടർ | 2 | |
| 19. ഗ്രീൻ ബോർഡ് | 2 | |
| 20. സ്മാർട്ട് ടിവി | 1 | |

# മറ്റ് ഐസിടി സാധ്യതകൾ

| സംവിധാനം | ഉണ്ട്/ഇല്ല |
|---|---|
| വിക്ടർ ചാനൽ | ഉണ്ട് |
| ഡി.വി.ഡി.പ്ലയർ* | ഇല്ല |
| ഇന്റർനെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഇല്ല |
| Blog | ഇല്ല |
| Email ID | ഉണ്ട് |
| സ്മാർട്ട് ക്ലാസ് റൂം | ഉണ്ട് |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

**അക്കാദമികം**

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പ് വരുത്താൻ കഴിയുന്നില്ല.
6. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
7. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
8. പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
9. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
10. കുട്ടികൾക്ക് ആവശ്യമായ ഗൈഡ് ലൈൻസ് / കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമാർഗ്ഗങ്ങളുടെ അഭാവം
11. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.
12. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

**ഭൗതികം**

1. റിസോഴ്സ് റൂമുകളുടെ അഭാവം
2. ശിശുശാസ്ത്രപരമായ ഘടന
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
4. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു.
5. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
6. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
7. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**സാമൂഹികം**

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
3. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പി.ടി.എ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
4. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
5. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

6. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം മേഖല -: മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭാഷാപരമായ മേഖല സാഹിത്യം | • ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>• ഓരോ യൂണിറ്റും പിന്നിടുമ്പോൾ സചിത്ര പാഠപുസ്തക നിർമ്മാണം<br>• ഒഴിവു ദിവസങ്ങളിൽ കുട്ടികളെയും രക്ഷിതാവിനെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള കൈത്താങ്ങ് പാഠപുസ്തകങ്ങൾ നല്കുന്നു, വായനകാർഡ് നിർമാണം<br>• സംയുക്ത ഡയറി എഴുത്ത്<br>• റീഡേഴ്സ് തിയറ്റർ, പാട്ടരങ്ങ്<br>• സമ്പൂർണ ഗൃഹസന്ദർശനം<br>• വ്യത്യസ്ത പ്രവർത്തന പദ്ധതികളിലൂടെയുള്ള മലയാള അസംബ്ലി<br>• നാടക ഗ്രൂപ്പ്<br>• മലയാളം ഫെസ്റ്റ്<br>• മാതൃനാട്ടിലെ വായന ( അവധിക്കാല വായനാ പരിപോഷണ പരിപാടി)<br>• മധുരം മലയാളം | 2025 |
| വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുന്നതിന് | ചങ്ങാതിക്കൂട്ടം<br>• വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | ജൂൺ 2025 മുതൽ 2026 മാർച്ച് വരെ |
| | പാവനാടകം ശില്പശാല<br>• കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പാവ നിർമ്മാണ ശില്പശാല ( ഇവ പാഠഭാഗങ്ങൾക്ക് അനുയോജ്യമായവ ആയിരിക്കും) | 2025 രണ്ടാം പാദം |
| മലയാളവുമായി ബന്ധപ്പെടുത്തി ക്ലാസ് പഠനാന്തരീക്ഷം ആകർഷണീയമാക്കൽ | • സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് ചുമരുകളിൽ ചിത്രങ്ങൾ വരക്കുന്നു. | 2025-26 |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ | സാഹിത്യ ചുമർ<br>• കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യ ചുമരിൽ | 2025 മുതൽ |

| | | |
|---|---|---|
| കൈവരിക്കൽ | പ്രദർശിപ്പിക്കുന്നു. ഓരോ മാസത്തെയും സൃഷ്ടികൾ ചേർത്ത് [illegible] മാസികകൾ തയ്യാറാക്കുന്നു. | |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | • ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. കൈത്താങ്ങ് പഠനക്ലാസ്സുകളിൽ ഈ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.<br>• കുട്ടികൾക്ക് എല്ലാ സമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുയോജ്യമായ പുസ്തകങ്ങൾ, മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | 2025 ആദ്യപാദം |
| ഭാഷാപഠനം എളുപ്പവും ആകർഷകവുമാക്കൽ | • കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാലാബ് തയ്യാറാക്കുന്നു.<br>• ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തു കൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | 2025-26 |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യമില്ലാത്തത് | • പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സ്കൂൾതല ക്യാമ്പ്.<br>• പ്രാദേശികമായി ലഭ്യമായ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശിക സാഹിത്യ കൂട്ടം<br>• കുട്ടികൾക്ക് അവരുടെ സാഹിത്യവാസനകൾ പ്രകടിപ്പിക്കാൻ അവസരം നൽകിക്കൊണ്ടുള്ള സ്കൂൾ ആകാശവാണി.<br>• ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഓരോ മാസത്തിലും മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ<br>• അമ്മ വായന (മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകുന്നു.) | 2025 അവസാനപാദം<br>2025<br>2025 മുതൽ |
| ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • 5,6,7 ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ കണ്ടെത്തുന്നു. പഠനവിഭവങ്ങൾ തയ്യാറാക്കുന്നു. | 2025ആദ്യപാദം |
| കുട്ടികളിലെ വായനാശീലം പൊതുവിൽ കുറയുന്നതായി അനുഭവപ്പെടുന്നു. | • ഓരോ ക്ലാസുകളിലും രണ്ടാഴ്ച കൂടുമ്പോൾ ഒരു പുസ്തകത്തിന്റെ 5 കോപ്പികൾ നൽകുന്നു. രണ്ടാഴ്ച പൂർത്തിയാകുമ്പോൾ ആ പുസ്തകവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം ക്ലാസിൽ നടത്തുന്നു. തുടർന്ന് പുതിയ 5 കോപ്പി പുസ്തകങ്ങൾ നൽകുന്നു. | 2025 മുതൽ |

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:English

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| Ineffective teaching | • Classes in the target language for teachers.<br>• Workshop for teachers by language experts.<br>• Workshop for teachers on teaching learning | 2025 |
| Defective pronunciation | • Audio video clippings on correct pronunciation.<br>• Classes on phonetics by experts.<br>• Language lab<br>• ICT facilities<br>• Video clippings<br>• Readers theatre | 2025-26 |
| Lack of communication skill | • Dramatisation of stories and enacting them.<br>• Conducting debates and seminars.<br>• Conducting English fest<br>• Theatre workshop<br>• Language lab<br>• Formation of English club.<br>• English assembly.<br>• English chatting through skype, messenger etc.<br>• Developing translation skills. | 2025-26 |
| Addressing slow pace learners. | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners.<br>• Conducting action research on slow pace learners. | 2025 |
| Support to gifted children. | • Special coaching classes using language experts.<br>• Introducing English library.<br>• English book exhibition.<br>• Classes on creative writing.<br>• Magazines created by children. Digital library. | 2025-26 |
| Insufficient vocabulary | • Word games<br>• Word study using computers | 2025 |

| | | |
|---|---|---|
| | • spelling contests<br>• making cross word puzzles<br>• Dictionary making using the words of the text book. | |
| Deffective sentence pattern | • Making sentence cards.<br>• Using sentence cards in class room.<br>• Correct sentence structure with ICT facilities.(conversations)<br>• Publishing magazines in English.<br>• Publishing printed magazines.<br>• English bulletin.<br>• Playing equipments for learning English.<br>• Writing Blog. | 2025 |
| Illegible hand writing | • Writing with ICT facilities<br>• Peer group learning<br>• English diary.<br>• English pen friends | 2025 |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : ഹിന്ദി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷിക്കുറവ് | • ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക<br>• വായനാകാർഡ് നിർമാണം<br>• ഹിന്ദി ദിനാചരണങ്ങൾ<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്താവായന | 1 വർഷം |
| ഹിന്ദി അന്തരീക്ഷം, എഴുത്ത് മെച്ചപ്പെടുത്തൽ | • ഹിന്ദി സാഹിത്യകാരന്മാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക.<br>• നാടകക്കൂട്ട് | 6 മാസം |
| ഹിന്ദി ഭാഷയോട് അവഗണന | • ഹിന്ദി ഫെസ്റ്റ്<br>• ഒന്നാം ക്ലാസ്സ് മുതൽ ഹിന്ദി പഠിക്കാനുള്ള അവസരം സൃഷ്ടിക്കുക. | |
| പഠിപ്പിക്കൽ ഐ.ടി. പരിജ്ഞാനക്കുറവ് | • 5-ാം ക്ലാസ് മുതൽ കാർഡ് നിർമാണം, പദനിർമാണ മത്സരം<br>• അക്ഷരക്കളി<br>• 6,7 ക്ലാസ് വർക്ക്ഷീറ്റ് നിർമാണം, ഐ.ടി ലഭ്യത<br>• ലൈബ്രറി ഉപയോഗം | ആഗസ്റ്റ് സെപ്റ്റംബർ |
| ഹിന്ദി ഭാഷയോട് താല്പര്യക്കുറവ് | • ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ എന്നിവയുടെ പ്രദർശനം | |
| ഹിന്ദി അന്തരീക്ഷം ഇല്ലായ്മ | • ഹിന്ദി വിഭാഗക്കാരുമായി ആശയവിനിമയം<br>• ഗസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പിക്കുക. | ഇടവേളകളിൽ |
| ഹിന്ദി ആശയപ്രകടനത്തിന് ബുദ്ധിമുട്ട് | • സ്പോക്കൺ ഹിന്ദി ക്ലാസുകൾ ഒഴിവു ദിവസങ്ങളിൽ | ഇടവേളകളിൽ |
| പ്രതിഭകൾക്ക് ക്ലാസ് ലഭിക്കുന്നില്ല | • പഠനത്തോടൊപ്പം പദ്ധതി | മാസത്തിൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: അടിസ്ഥാനശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 5,6,7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | • 5,6,7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളെയും ഉൾക്കൊള്ളിച്ച് കൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തര മൂല്യനിർണയത്തിനാവശ്യമായ ക്വിസുകൾ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു.<br>• ഉപകരണ നിർമാണ ശില്പശാല നടത്തി ക്ലാസ് ലാബ് തയ്യാറാക്കുന്നു. | 2025 ആദ്യപാദം<br>എല്ലാ വർഷവും<br>എല്ലാ വർഷവും |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക. | • സ്കൂൾ ലാബ് ശാക്തീകരണം, വിഭവ ശേഖരണം<br>• എല്ലാ ക്ലാസുകളിലും സയൻസ് ലാബ് / ശാസ്ത്ര കോർണർ<br>• ശാസ്ത്രപരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പെഡഗോജി പാർക്ക്<br>• എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന സയൻസ് മാജിക് ഷോ<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ് | 2025<br>എല്ലാ വർഷവും<br>CV രാമൻ ദിനം<br>എല്ലാ വർഷവും |
| ശാസ്ത്ര സർഗാത്മകതയുള്ള അവസരങ്ങൾ കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• വിദഗ്ദരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ക്ലാസുകൾ<br>• ശാസ്ത്ര നാടകങ്ങൾ, പരീക്ഷണക്കളരികൾ | 2025-26<br>എല്ലാ വർഷവും |
| ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക | • ഐസിടി വിഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ TM<br>• ഡിജിറ്റൽ ലൈവ് ക്ലാസുകൾ<br>• മൊബൈൽ ആപ്ലിക്കേഷൻ നിർമാണം | 2025<br>എല്ലാ വർഷവും |
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>• അന്ധവിശ്വാസങ്ങളെ കേന്ദ്രീകരിച്ചുള്ള ശാസ്ത്ര സദസ്സുകൾ, വാനനിരീക്ഷണ ക്ലാസുകളും എന്നിവ സംഘടിപ്പിക്കുന്നു. | എല്ലാ വർഷവും<br>എല്ലാ വർഷവും |
| സ്കൂളിലെ ശാസ്ത്ര | • പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് | |

| | | |
|---|---|---|
| [illegible] | [illegible] കൊണ്ടുള്ള [illegible]<br>• വിദ്യാലയത്തിൽ ഒരു മിനി പ്ലാനിറ്റേറിയം തയ്യാറാക്കുന്നു.<br>• ഓപ്പൺ സ്പേസ് [illegible] ഉൾപ്പെടുത്തി [illegible] സയൻസ് പാർക്ക് നിർമ്മിക്കുന്നു.<br>• എല്ലാ ക്ലാസുകളിലും [illegible] നിർമ്മിക്കുന്നു. | 2025-26 |
| | • ടിങ്കറിംഗ് ലാബ് ഒരുക്കുന്നു. | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: സോഷ്യൽ സയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• ഓരോ ക്ലാസിലും എത്തിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കുക | 6 മാസം |
| കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെ കുറിച്ചും ധാരണക്കുറവ് | • വീടുകളിൽ പഴയ കാലത്ത് ഉപയോഗിച്ചിരുന്ന സാധനങ്ങൾ ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ<br>• സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ | 5 വർഷം |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | • വിദഗ്ധരായ ആളുകളുടെ ക്ലാസ് | |
| പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ | • മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>• ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര<br>• (കാവ് സന്ദർശനം)<br>• പ്രാദേശിക ചരിത്രം തയ്യാറാക്കൽ | |
| പാഠഭാഗം ലളിതവും ആകർഷകവും ആകുന്നില്ല | • ഐ.ടി. അധിഷ്ഠിത TM വികസിപ്പിക്കൽ<br>• വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ, സ്മാരകങ്ങൾ, സ്ഥലങ്ങൾ ഇവയെ നേരിട്ട് അനുഭവിച്ചറിയാനുള്ള ബുദ്ധിമുട്ട് | • സ്കൂൾ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ലൈബ്രറി<br>• സോഷ്യൽ സയൻസ് ലാബ്<br>• ഓരോ കുട്ടിക്കും ടാബ് വിതരണം<br>• ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്താൻ അവസരം<br>• ക്ലാസിൽ സാമൂഹ്യശാസ്ത്ര കോർണർ | 2 മുതൽ 5 വർഷം വരെ |
| ചരിത്ര പ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെ കുറിച്ചുള്ള ധാരണ കുറവ് | • ദിനാചരണം സംഘടിപ്പിക്കുക<br>• അഭിമുഖം<br>• വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | |
| കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധക്കുറവ് | • ക്ലാസ്, തെരുവ് നാടകം എന്നിവ സംഘടിപ്പിക്കുക | 2 മാസം |
| പൗരബോധം മനസിലാക്കുക | • വിദഗ്ധരായവരുടെ ക്ലാസ് സംഘടിപ്പിക്കുക<br>• സമൂഹവുമായി ഇടപെടൽ<br>• ഫീൽഡ് ട്രിപ്പ്<br>• സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു | 1 വർഷം |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | • ബുള്ളറ്റിൻ ബോർഡ്<br>• ഡിബേറ്റ് ക്ലബ് | 2025 മുതൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| സാമൂഹിക സേവനം മനസ്സിലാക്കൽ | • പാലിയേറ്റീവ് പ്രവർത്തകരെ കൊണ്ട് ക്ലാസ് സംഘടിപ്പിക്കുക.<br>• പാലിയേറ്റീവ് കെയർ ക്ലിനിക് സന്ദർശനം<br>• രോഗികളുമായി അടുത്തിടപഴകാനുള്ള അവസരം<br>• രോഗികൾക്ക് ഓണം, ബക്രീദ്, ക്രിസ്മസ് ദിനങ്ങളിൽ കിറ്റ് വിതരണം<br>• പാട്ടുവണ്ടി, പാട്ട്, പ്രസംഗം, നാടകം എന്നിവയിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി സമീപ പ്രദേശങ്ങളിൽ പരിപാടി സംഘടിപ്പിക്കുക.<br>• പൈസ ശേഖരിച്ച് സാമൂഹിക സേവനത്തിന് ഉപയോഗിക്കുക. | 2 വർഷം |
| ജൈവവൈവിധ്യ പാർക്ക് നിർമാണം | • ക്ലാസ് സംഘടിപ്പിക്കുക. ജൈവവൈവിധ്യങ്ങളെ പറ്റി അവബോധം നൽകൽ<br>• പഠനയാത്ര, ജൈവവൈവിധ്യ പാർക്ക്<br>• ജല ജന്തുജീവികളെ സംരക്ഷിക്കുന്നതിന് പാർക്ക് നിർമാണം, അക്വേറിയം, കുളം, കിളിക്കൂട്, തണ്ണീർത്തടം, തണൽമരം നടൽ<br>• | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖലക്കണക്ക്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശിശുസൗഹൃദ പഠന സാമഗ്രിയുടെ കുറവ് | • ഗണിതലാബ് ശാക്തീകരണം<br>• ക്ലാസ് ഗണിതലാബ് | 2025 ജൂൺ - 2026 ജൂൺ |
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക | 2025 ജൂൺ - 2026 ജൂൺ |
| ഗണിത പഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | • ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക<br>• ഗണിതക്ലബ് ശാക്തീകരണം | |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല | • മാത്സ് ക്ലിനിക്<br>• മാത്സ് വർക്ക്ഷീറ്റ്<br>• ജിയോജിബ്ര പരിശീലനം<br>• ഗണിതസ്കിറ്റ് അവതരണം<br>• മൂന്നാം ക്ലാസുകളിൽ | 2025 ജൂൺ - 2026 ഏപ്രിൽ<br>2025 ജൂൺ<br>2025 ജൂൺ - സെപ്തംബർ<br>2025 ജൂൺ - ഒക്ടോബർ |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്തുവാനും കഴിയുന്നില്ല. ഗണിത പഠനം വിരസമാകുന്നു. | • ഗണിത മാഗസിൻ<br>• ചുമർ പത്രികകൾ സൃഷ്ടി തലം<br>• ഗണിത ശാസ്ത്ര മേള<br>• ചോദ്യോത്തര പെട്ടി | 2025 ജൂൺ<br>2025 ഏപ്രിൽ - 2025ജൂൺ<br>2026 ജൂൺ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും സാധിക്കുന്നില്ല | • ഗണിത മെഗാ ക്വിസ്<br>• മാത്സ് ടാലന്റ് സെർച്ച് എക്സാമിനേഷൻ<br>• മാത്സ് ക്ലാസുകൾ<br>• ഗണിതോത്സവം<br>• റിസോഴ്സ് ടീച്ചർ ക്ലാസുകൾ<br>• വീഡിയോ ക്ലാസുകൾ<br>• ലിറ്റിൽ മാത്തമാറ്റിക്സ് പ്രോഗ്രാം | 2025 ജൂൺ - ഡിസംബർ<br>2025 ഒക്ടോബർ<br>വർഷത്തിൽ 3 പ്രാവശ്യം |
| ഗണിത കളി, ചെസ്സ്, പസിൽസ്, നാട്ടറിവ് ഒറിഗാമി, സെമിനാർ, പാട്ട്, കഥ എന്നിവ അടുത്തറിയാൻ അവസരം കിട്ടുന്നില്ല | • ഗണിത ഗെയിം കോർണർ<br>• പസിൽ കോർണർ<br>• പാട്ട്, കഥ, നാടക ക്യാമ്പ്<br>• നാട്ടറിവ് ശേഖരണം<br>• ചെസ്സ് ക്യാമ്പ് | 2025 ജൂൺ - 2026 മാർച്ച്<br>വർഷത്തിൽ ഒരു പ്രാവശ്യം |
| കമ്പ്യൂട്ടർ സ്വന്തമായി ഉള്ളവരിൽ ഉബണ്ടു ഇല്ലാത്തതിനാൽ ഐസിടി ഗുണം ലഭിക്കുന്നില്ല | • ഉബണ്ടു വ്യാപനം ( വീട്ടിൽ ഉബണ്ടു ഇൻസ്റ്റാൾ ചെയ്യൽ) | 2025 ജൂൺ - ആഗസ്റ്റ് |
| ഗണിത സാഹിത്യത്തിന് ആധുനിക ഇടം പരിചയമില്ല, സ്വതന്ത്ര രചനയ്ക്ക് അവസരമില്ല | • ബ്ലോഗ് എഴുത്ത് | 2025 ജൂൺ മുതൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല:പി.ടി.എ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എസ്.എസ്.ജി യുടെ സഹായം അക്കാദമിക അനക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | • രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരെ വിവരശേഖരണം<br>• രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ<br>• യു.എസ്.എസ് പരിശീലനം<br>• കലാകായികമേള<br>• മൂന്നാം ക്ലാസ് | ഒരു വർഷം |
| എം.ടി.എ /പി.ടി.എ പ്രാതിനിധ്യക്കുറവ് | • മാസത്തിൽ നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരൽ<br>• ബോധവൽക്കരണ ക്ലാസുകൾ<br>• കോർണർ പിടി എ<br>• ഗൃഹസന്ദർശന പരിപാടി<br>• ഉച്ചഭക്ഷണ പരിപാടിയിൽ പങ്കുകൊള്ളിക്കൽ<br>• കോർണർ പി.ടി.എ യിൽ രക്ഷിതാവിനെയും കുട്ടികളെയും ഉൾക്കൊള്ളിച്ച് കല ,സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തൽ | ഒരു വർഷം |
| എം.ടി.എ /പി.ടി.എ സ്കൂൾ പ്രവർത്തനങ്ങൾ അറിയിക്കൽ | • "ഹലോ സ്കൂൾ" പ്രോജക്ട് നടപ്പിലാക്കൽ<br>• മൊബൈൽഫോൺ കമ്മ്യൂണിക്കേഷൻ സിസ്റ്റം<br>• എല്ലാ ദിവസവും ഓരോ രക്ഷിതാക്കൾ വീതം (5,6,7 ക്ലാസിലെ)സ്കൂളിലേക്ക് വരാനുള്ള പ്രവർത്തനങ്ങൾ | വർഷം മുഴുവൻ |
| എം.ടി.എ /പി.ടി.എ പ്രവർത്തകസമിതിക്ക്കൃത്യമായ ദിശാബോധം | • എം.ടി.എ /പി.ടി.എ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | എല്ലാ വർഷവും |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് | • കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.<br>• സ്പോർട്സ് ക്ലബ്ബുകൾ സംഘടിപ്പിക്കുക<br>• യോഗ, സൈക്ലിംഗ്, നീന്തൽ എന്നിവയിൽ പരിശീലനം നൽകുക<br>• പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക<br>• യോഗാക്ലാസുകൾ സംഘടിപ്പിക്കുക<br>• ആയോധന കലകളിൽ പരിശീലനം നൽകുന്നു. | 2025 ജൂൺ മുതൽ |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക<br>• സ്പോർട്സ് അക്കാദമി രൂപീകരിക്കൽ | |
| കുട്ടികൾക്ക് താൽപര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല. | • കായിക പ്രതിഭാ പദ്ധതി-താൽപര്യമുള്ള ഇനങ്ങളിൽ വിദഗ്ധ പരിശീലനം. | 2025-26 |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല | • കായികപ്രതിഭകളെ ആദരിക്കൽ. | 2025-26 |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം ഇല്ല. | • വൈദ്യ പരിശോധന<br>• ആരോഗ്യ ക്ലാസുകൾ<br>• സിഡി പ്രദർശനം<br>• സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവത്കരണം. | |
| ശരിയായ ഭക്ഷണ ശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ | • ആരോഗ്യ ക്ലാസുകൾ<br>• അടുക്കളത്തോട്ടം | |
| പ്രഥമശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ്. | • വിദഗ്ധരുടെ ക്ലാസുകൾ<br>• സിഡി പ്രദർശനം<br>• പ്രഥമശുശ്രൂഷ കിറ്റ്-സൗകര്യം ലഭ്യമാക്കൽ. | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: പ്രവൃത്തി പരിചയം

(ഊടും പാവും നെയ്ത്തുകാരൻ)

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | • പരിശീലനത്തിനാവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കൽ<br>• പ്രാദേശികമായി ലഭ്യമായ കലാകാരൻമാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക | |
| പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നില്ല | • പ്രവൃത്തിപരിചയ മേഖലയിൽ കഴിവുള്ള പ്രാദേശികമായ വ്യക്തികളുടെ വിവരശേഖരണം<br>• അവരെ ചേർത്തുള്ള റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | 2025 ആദ്യപാദം |
| തുടർ പരിശീലനത്തിന്റെ അഭാവം | • പിടിഎ, എസ്എസ്ജി എന്നിവരുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുക. | 2025-26 |
| കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാൻ കഴിയുന്നില്ല | • തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക | 2025 മുതൽ |
| അസംസ്കൃത വസ്തുക്കളുടെഅഭാവം | • പ്രാദേശിക വിഭവങ്ങളുടെ ശേഖരണം<br>• പ്രവൃത്തിപരിചയ ലാബ് തയ്യാറാക്കുക | 2025-26 |
| സ്കൂൾ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല | • ആവശ്യവസ്തുക്കളുടെ നിർമ്മാണകളരി സംഘടിപ്പിക്കുക.<br>(കുട,നോട്ട്ബുക്ക്,തുണിസഞ്ചി,പേപ്പർബാഗ്,സോപ്പ് ..)<br>• പിടിഎ,എംപിടി എ എന്നിവരുടെ നേതൃത്വത്തിൽ ഉത്പന്നങ്ങളുടെ വിപണനമേള നടത്തുക.<br>• കുട്ടിച്ചന്തകൾ സംഘടിപ്പിക്കുക | 2025 അവസാനപാദം |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: കലാപഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കലാപഠനത്തിൽ വേണ്ടത്ര സമയം ലഭിക്കുന്നില്ല | • ഒഴിവു ദിവസങ്ങളിൽ കുട്ടികൾക്കായി ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു.<br>• അവധിക്കാലത്ത് അഞ്ച് ദിവസം നീളുന്ന ചിത്രരചനാ പരിശീലനം | 2025 മുതൽ |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം | • ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ടു വന്ന് ക്ലാസുകൾ സംഘടിപ്പിക്കുന്നു. | 2025-26 |
| കലാപഠനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ് | • സ്കൂളിൽ ഒരു ആർട്ട് ഗാലറി സ്ഥാപിക്കുന്നു. | 2025 അവസാനപാദം |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | • വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ,എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു. | 2025-26 |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന്. | • ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു.<br>• കുട്ടികൾക്ക് നാടക പരിശീലനം നൽകുക<br>• നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു.<br>• കുട്ടികൾക്ക് സിനിമാ പരിശീലനം-ടെലിഫിലിം നിർമ്മാണം-<br>ഫിലിം ക്ലബ് രൂപീകരണം.<br>• സ്കൂൾ ടാലന്റ് ലാബ്-കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി. | 2025-26 |
| പ്രാദേശികമായ കലാകാരൻമാരുടെ സേവനം ലഭ്യമാകുന്നില്ല. | • സ്കൂൾ കലാസംഘം രൂപീകരിക്കുക<br>• നാടൻപാട്ട് സംഘം<br>• സ്കൂൾ ചെണ്ടമേള സംഘം<br>• സ്കൂൾ ബാന്റ് മേള സംഘം<br>• സ്കൂൾ നാടക സംഘം<br>• സംഗീത ഉപകരണ ക്ലാസുകൾ | 2025-26 |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: ഐ.ടി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് | • ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പിടിഎ,പൂർവ്വ വിദ്യാർത്ഥികളെ സമീപിക്കുന്നു.<br>• പുതുതായി 25 കമ്പ്യൂട്ടറുകൾ എങ്കിലും ശേഖരിക്കുന്നു. | 2025-26 |
| വൈദ്യുതിയുടെ അഭാവത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല | • മുഴുവൻ കമ്പ്യൂട്ടറുകളും പ്രവർത്തിപ്പിക്കാനാവശ്യമായ ഇൻവെർട്ടർ സംവിധാനം ഒരുക്കുക. | 2025 ആദ്യപാദം |
| പാഠഭാഗങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യാനുള്ള പ്രയാസം | • മുഴുവൻ ക്ലാസുകളിലും ലാപ് ടോപ്, പ്രൊജക്ടർ സംവിധാനം ഒരുക്കുക | 2025 മുതൽ |
| ഇന്റർനെറ്റ് LAN സംവിധാനങ്ങളുടെ കുറവ് | • ലഭ്യമായ മുഴുവൻ കമ്പ്യൂട്ടറുകളിലും LAN സംവിധാനം ഒരുക്കൽ<br>• മുഴുവൻക്ലാസുകളും LAN വഴി ബന്ധിപ്പിക്കുന്നു. ക്ലാസുകളിൽ ലൈവ് വീഡിയോ കാണാനുള്ള അവസരം സാധ്യമാക്കുന്നു | 2025 |
| സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും നാട്ടുകാരിലും എത്തിക്കാനുള്ള കാലതാമസം | • ഓരോആഴ്ചയിലെയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് യൂട്യൂബ് വാർത്താ ചാനൽ തയ്യാറാക്കുക.<br>• ഓരോ ക്ലാസിലും വാട്സ്ആപ് ഗ്രൂപ്പുകൾ ആരംഭിക്കുക. | 2025മുതൽ |
| ആവശ്യമായ ഐസിടി സാധ്യതകൾ കുട്ടികൾക്കും അധ്യാപകർക്കും ലഭ്യമാവുന്നില്ല. | • മുഴുവൻ ആളുകൾക്കും ലഭ്യമായ രീതിയിൽ ഐസിടി സാധ്യതകൾ **ഉൾക്കൊള്ളിച്ച് കൊണ്ട്** മൊബൈൽ ആപ്പ് ആരംഭിക്കുക. | 2025 മുതൽ |
| ഐസിടി വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അധ്യാപകരുടെ കഴിവ് വർദ്ധിപ്പിക്കുക. | • കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനായി കുട്ടി ബ്ലോഗ് ആരംഭിക്കുക | 2025 മുതൽ |
| കുട്ടികളിലെ വായനയെ പ്രോത്സാഹിപ്പിക്കുക. | • പരമാവധി പുസ്തകങ്ങൾ ശേഖരിച്ച് കൊണ്ട് ഇ ലൈബ്രറി തയ്യാറാക്കുക. | 2025 മുതൽ |
| ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള | • മുഴുവൻ കുട്ടികൾക്കും ഇ-മെയിൽ ഐഡി തയ്യാറാക്കുക.<br>• വീഡിയോ എഡിറ്റിംഗ് പരിശീലനവും ചെറു | 2025-26 |

| | | |
|---|---|---|
| ധാരണക്കുറവ് | സിനിമാ നിർമ്മാണ പരിശീലനവും നൽകുക.<br>• സൈബർ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. | |
| പഠനവിഭവങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല | • വീട്ടിൽ കമ്പ്യൂട്ടറുകൾ ഉള്ള മുഴുവൻ കുട്ടികൾക്കും അതിൽ ഉബുണ്ടു ഇൻസ്റ്റാൾ ചെയ്ത് കൊടുക്കുക. | 2025 ആദ്യപാദം |
| ഐസിടി ഉപകരണങ്ങൾ നന്നാക്കുന്നതിലുള്ള കാലതാമസം നേരിടുന്നു. | • പ്രാദേശികമായി ലഭ്യമായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഹാർഡ് വെയർ പരിശീലനം | 2025 അവസാനപാദം |
| കുട്ടികൾക്ക് പഠനം എളുപ്പവും രസകരവുമാക്കുക. | • പേപ്പർലെസ് ക്ലാസ് റൂം എന്ന ലക്ഷ്യത്തിലേക്കായ് മുഴുവൻ കുട്ടികൾക്കും ടാബ് ഉപയോഗിക്കാനുള്ള അവസരം തയ്യാറാക്കണം.(ഒരു ക്ലാസിലെങ്കിലും) | 2026 ആദ്യപാദം |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: ഭിന്നശേഷി നിലവാരക്കാർ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ | • ഓരോ വർഷവും ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുന്നു. | 2025 മുതൽ |
| പാഠഭാഗങ്ങളുടെ അനുരൂപീകരണം സാധ്യമാകുന്നില്ല. | • റിസോഴ്സ് ടീച്ചറിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക<br>• ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.<br>• ഇത്തരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പ്രത്യേക TM തയ്യാറാക്കുക<br>• സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക.<br>• ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ , സംവിധാനങ്ങൾ എന്നിവ ഒരുക്കുക.<br>• ഒരു റിസോഴ്സ് റൂം വിദ്യാലയത്തിൽ ആരംഭിക്കുക | 2025 മുതൽ |
| പ്രത്യേകം പരിഗണന കിട്ടായ്ക | • ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിരന്തരമായ പ്രോത്സാഹനം നൽകുന്നു.<br>• student of the day പ്രോഗ്രാം ആരംഭിക്കുന്നു.<br>• കഥ,പാട്ട്,വരപ്പിക്കൽ, കേൾപ്പിക്കൽ, വായിച്ചു കൊടുക്കൽ ഒറിഗാമി പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നു. | 2025 മുതൽ |
| കുട്ടികളുടെപ്രശ്നങ്ങൾക്ക് അനുസൃതമായി രക്ഷിതാക്കൾക്ക് പരിശീലനം ഇല്ലാത്ത അവസ്ഥ | • മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• art camp, craft camp,f ield trip എന്നിവ സംഘടിപ്പിക്കുന്നു.<br>• പഠനപ്രവർത്തനങ്ങളിൽ രക്ഷിതാവിനെക്കൂടി പങ്കാളിയാക്കുക. | 2025 മുതൽ |
| സാമൂഹ്യ പങ്കാളിത്തത്തിന്റെ കുറവ് | • പിയർടീച്ചർ ആയ കുട്ടികളെ പ്രയോജനപ്പെടുത്തുക.<br>• ഇത്തരക്കാർക്ക് പുറത്ത് ഒത്തുകൂടാനുള്ള പൊതു ഇടങ്ങൾ കണ്ടെത്തുക.<br>• കൃഷിപാഠം, ശാസ്ത്രപരീക്ഷണം, പ്രകൃതി നിരീക്ഷണം സോപ്പ് നിർമ്മാണം തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• സ്കൂളിന് പുറത്തുള്ള (പ്രായ വ്യത്യാസം നോക്കാതെ)ഇത്തരം കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് കൂട്ടായ്മകൾ രൂപീകരിക്കുക. ആഴ്ചയിൽ ഒരിക്കലെങ്കിലും ഒത്തുകൂടാനുള്ള അവസരം നൽകുക.<br>• ഭിന്നശേഷി നൈപുണി പരിശീലന കേന്ദ്രം തുടങ്ങുക | 2025 മുതൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: പരിസ്ഥിതി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സ്കൂളിൽ മനോഹരമായ പൂന്തോട്ടത്തിന്റെ കുറവ് | സ്കൂൾ പരിസരം പച്ചപ്പ് കൊണ്ട് നിറയ്ക്കുക<br>• ചെടികൾ<br>• വൃക്ഷത്തൈകൾ<br>• പഴ വർഗങ്ങൾ | ജൂൺ 5 |
| വീട്ടിലെ അടുക്കളത്തോട്ടം | • കുട്ടികൾ മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹായത്തിൽ പച്ചക്കറിത്തോട്ടം വച്ചു പിടിപ്പിക്കുന്ന<br>• ഒരു കുട്ടിക്ക് ഒരു കൊടിമരം പദ്ധതി (കുരുമുളക് വള്ളി )<br>• കോഴി, ആട് വളർത്തൽ<br>• സ്കൂൾ പച്ചക്കറിത്തോട്ടം | ജൂലൈ |
| പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം<br><br>ജലദൗർലഭ്യം | • പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം<br><br>• ജലസംരക്ഷണ മാർഗങ്ങൾ, മഴവെള്ള സംഭരണി,ബോധവല്ക്കരണം | ജൂൺ<br>ജൂലൈ<br>2025-26 |
| സ്കൂൾതന്നെ പാഠപുസ്തകം | • ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ<br>• BALA വ്യാപനം<br>• ഔഷധത്തോട്ടം<br>• ശലഭോദ്യാനം | 2025-26 |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പുസ്തകങ്ങൾ കുറവ് | • പുസ്തക ശേഖരണം (ഒരു കുട്ടിയുടെ വീട്ടിൽ നിന്ന് ഒരു പുസ്തകം)<br>• പിറന്നാളിന് ഒരു പുസ്തകം – ഇന്ന ലൈബ്രറിയിലേക്ക് - (അസംബ്ലിയിൽ പിറന്നാൾ ആശംസ പറഞ്ഞ് കുട്ടികളിൽ പുസ്തകം തരാനുള്ള ആവേശം ഉണ്ടാക്കൽ | 3 മാസം |
| പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകളുടെ കുറവ് | • സ്പോൺസർഷിപ്പിലൂടെ സംവിധാനപ്പെടുത്തൽ | 2 മാസം |
| ക്ലാസ് ലൈബ്രറി ആകർഷകമല്ല | • മികച്ച ക്ലാസ് ലൈബ്രറി കണ്ടെത്തൽ (പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതി നോക്കി) ക്ലാസിലെ അലമാരക്ക് ഡോർ വെക്കൽ<br>• പുസ്തകങ്ങൾ വാങ്ങൽ -<br>(വിവിധ മാസികകൾ തളിര്, യുറീക്ക മുതലായവ) | 1 വർഷം |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 100% കുട്ടികൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങളെടുത്ത് വായിക്കുന്നില്ല | • തുറന്ന ലൈബ്രറി<br>• പുസ്തകക്കുറിപ്പ് തയ്യാറാക്കൽ മത്സരം<br>• മാസത്തിലൊരിക്കൽ ചർച്ച<br>• ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു പുസ്തകം അവതരിപ്പിക്കൽ<br>• വായനക്കളരിയിൽ പുസ്തകങ്ങൾ സൂക്ഷിച്ച് രജിസ്റ്റർ എഴുതി കുട്ടികൾ തന്നെ പുസ്തകങ്ങൾ വിതരണം ചെയ്യൽ<br>• കവികൾ -കവിതകൾ(ഓരോ കുട്ടിയും അവർക്ക് ലഭിച്ച കവിയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. | |
| എല്ലാ രക്ഷിതാക്കളും ലൈബ്രറിൽ അംഗങ്ങളല്ല | • കുട്ടികൾ വഴി രക്ഷിതാക്കൾക്ക് പുസ്തകമെത്തിക്കൽ | |
| പുസ്തകങ്ങൾ വാങ്ങാനുള്ള സാമ്പത്തികം വേണ്ടത്ര ലഭിക്കുന്നില്ല | • പുസ്തക പ്രസാധകരിൽ അംഗത്വമെടുക്കൽ<br>• ഒരു വർഷം നിശ്ചിത ശതമാനം തുകക്ക് പുസ്തകങ്ങൾ ലഭിക്കുന്ന പദ്ധതി<br>• ഓരോ വർഷവും അംഗത്വം | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:കൗൺസിലിംഗ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വൈകാരിക പിന്തുണ സംവിധാനത്തിന്റെ അഭാവം | • ഗൃഹസന്ദർശനം നടത്തി കുട്ടികളുടെ പരമാവധി വിവരശേഖരണം നടത്തുന്നു.<br>• സ്കൗട്ട് &ഗൈഡ്,SAW,SPC വിപുലീകരണം<br>• അധ്യാപകർക്ക് വിദഗ്ധപരിശീലനം നൽകുന്നു<br>• വിദഗ്ധരെ ഉൾപ്പെടുത്തി പാരന്റിംഗ് ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• സ്കൂൾ മാതൃസമിതി പ്രവർത്തനം ശക്തമാക്കുന്നു.<br>• സന്നദ്ധസംഘടനകളുടെ സഹായങ്ങൾ ലഭ്യമാക്കുന്നു.<br>• വിദഗ്ധപരിശീലനം ലഭിച്ചവരെഉൾപ്പെടുത്തി കൗൺസിലിംഗ് സെന്റർ രൂപീകരിക്കുന്നു. | 2025-26 |
| ആരോഗ്യ കുടുംബ ബന്ധങ്ങളിലെ പ്രശ്നപരിഹരണം നടത്താനുള്ള പ്രയാസം | • പ്രാദേശിക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു.<br>• കോർണർ പിടിഎ കൾ രൂപീകരിക്കുന്നു.<br>• തെരുവോര നാടക സമിതി രൂപീകരിക്കുന്നു.<br>• സെമിനാർ, ബോധവൽക്കരണ ക്ലാസ് ,പോസ്റ്റർ പ്രദർശനം, വീഡിയോ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു.<br>• പ്രാദേശിക തലത്തിൽ ജനജാഗ്രതാസമിതി രൂപീകരിക്കുന്നു.<br>• Scout & Guides ഉപയോഗിച്ച് ലഹരി വിരുദ്ധസേനാ രൂപീകരണം | 2025-26 |
| ജീവിതനൈപുണി വികസനം , വ്യക്തിത്വ വികസനം എന്നിവയിലെ കുറവ് | • സ്കൂൾ സാഹിത്യസമാജം മെച്ചപ്പെടുത്തുന്നു.<br>• ബോധവത്കരണ ക്ലാസുകൾ സംഘടിടിക്കുന്നു.<br>• കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുന്നു.<br>• മോട്ടിവേഷൻ ക്ലാസുകൾ, കരിയർഗൈഡൻസ് ക്ലാസുകളെന്നിവ സംഘടിപ്പിക്കുന്നു.<br>• അവധിക്കാല സഹവാസക്യാമ്പുകൾ, തിയേറ്റർ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. | 2025-26 |
| സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള താത്പര്യമില്ലായ്മ | • സ്കൂളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• സ്കൂളിലും തുടർന്ന് വീട്ടിലും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കുന്നു.<br>• പ്ലാസ്റ്റിക് ശേഖരണം, തരംതിരിക്കൽ, വിപണനം എന്നിവക്കാവശ്യമായ പദ്ധതി പഞ്ചായത്തുമായി ചേർന്ന് രൂപപ്പെടുത്തുന്നു.<br>• പിടിഎ സഹായത്തോടെപേപ്പർ ബാഗ്, പേപ്പർ പേന എന്നിവ നിർമ്മിക്കുന്നു, വിപണനം നടത്തുന്നു. | 2025-26 |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല: വിജയഭേരി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| മലയാളം , ഗണിതം, ഇംഗ്ലീഷ്, എന്നീ വിഷയങ്ങളിലെ അടിസ്ഥാനശേഷികൾ കൈവരിക്കുന്നതിലുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വിദ്യാഭ്യാസ വകുപ്പായി ബന്ധപ്പെട്ട പദ്ധതികളെ ബന്ധിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനം<br>മലയാളത്തിളക്കം<br>ഗണിതം മധുരം<br>ഹലോ ഇംഗ്ലീഷ്<br>ശ്രദ്ധ (അഞ്ചാം തരത്തിന് മാത്രം)<br>പ്രതിഭാ കേന്ദ്രം<br>ജൂൺ, ജൂലായ്, ആഗസ്റ്റ് , സെപ്റ്റംബർ, ഒക്ടോബർ വരെയുള്ള 5 മാസങ്ങൾ<br>നവംബർ, ഡിസംബർ, ജനവരി, ഫെബ്രുവരി, മാർച്ച് വരെയുള്ള അഞ്ച് മാസങ്ങൾ<br>ഒരു മാസം 20 working days<br>20*40 mts 800 മിനുട്ടുകൾ<br>അതായത് 13 മണിക്കൂർ<br>4 ശനിയാഴ്ചകൾ 4*3 hrs 12 മണിക്കൂർ<br>ആദ്യ ഘട്ടത്തിൽ 5 മാസം*25 മണിക്കൂർ 125 മണിക്കൂറുകൾ<br>ഇതിൽ 20 മണിക്കൂർ കുറക്കാം ബാക്കി 105 മണിക്കൂർ<br>ഇംഗ്ലീഷ് 35 മണിക്കൂർ (7 days)<br>മലയാളം 35 മണിക്കൂർ (7 days)<br>ഗണിതം 35 മണിക്കൂർ (7 days)<br>രണ്ട് ഘട്ടങ്ങളിലായി 210 മണിക്കൂർ ക്ലാസ് കിട്ടുന്നതാണ്<br>ഒരു വിഷയത്തിന് ആകെ എഴുപത് മണിക്കൂർ (5 മണിക്കൂർ ക്ലാസ് ഒരു ദിവസമെന്ന് കണക്കാക്കിയാൽ 14 ദിവസത്തെ ക്ലാസ് ഒരു വിഷയത്തിന് ലഭിക്കാവുന്നതാണ്.<br>വിവിധ പരിപാടികളെ ഈ സമയക്രമവുമായി ബന്ധിപ്പിക്കാം<br>ഇംഗ്ലീഷ് മലയാളം ഗണിതം തനതു പ്രവർത്തനങ്ങൾ<br>ഹലോ ഇംഗ്ലീഷ്<br>മലയാളത്തിളക്കം<br>പ്രതിഭാ കേന്ദ്രം പ്രവർത്തനങ്ങൾ<br>ശ്രദ്ധ 5 ,6 ,7<br>രണ്ടാം ഘട്ടത്തിന് മുമ്പായി പ്രാഥമിക വിലയിരുത്തൽ നടത്താവുന്നതാണ് വീണ്ടും സഹായമാവശ്യമുള്ള കുട്ടികൾക്ക് സഹായം ചെയ്യാവുന്നതാണ്. | 2018 ജൂൺ മുതൽ |

| | | |
|---|---|---|
| പഠന മികവുള്ള കുട്ടികളെയും പഠന പിന്നോക്കാവസ്ഥ അനുഭവപ്പെടുന്ന കുട്ടികളെയും അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുകയും ചെയ്യുക | അഞ്ചാം ക്ലാസിലെ മൽസരപരീക്ഷ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകൽ<br>ആദ്യ ഘട്ടത്തിൽ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകൽ<br>രക്ഷിതാക്കൾക്കുള്ള പരിശീലന ക്ലാസുകൾ പ്രത്യേകം സംഘടിപ്പിക്കുക | 1 വർഷം |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: ഉച്ചഭക്ഷണം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പല കുട്ടികൾക്കും പ്രഭാത ഭക്ഷണം കിട്ടുന്നില്ല | • എല്ലാ ദിവസവും രാവിലെ 9.30 ന് കഞ്ഞിയും കറിയും നൽകുക<br>• ആഴ്ചയിൽ ഒരു ദിവസം പുട്ടും കടലയും | |
| ഭക്ഷണം സമയബന്ധിതമായി തയ്യാറാക്കാനും വിതരണം ചെയ്യാനും കഴിയുന്നില്ല | • പ്രഭാത ഭക്ഷണം കൈത്താങ്ങ് (രക്ഷിതാക്കളുടെ പങ്കാളിത്തത്തിൽ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുക<br>• എല്ലാ കുട്ടികൾക്കും ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ്, ഗ്ലാസ്സ് ഉറപ്പാക്കുക,ആധുനിക പാചക പുരയും ഡൈനിംഗ് ഹാളും നിർമ്മിക്കുക | 2 വർഷം |
| ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ ശുദ്ധമായ പച്ചക്കറികൾ എന്നിവയുടെ അഭാവം | • പ്രാദേശിക തലത്തിൽ പച്ചക്കറി സമാഹരണം കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തുക<br>• സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക<br>• സ്കൂൾ പരിസരത്ത് പപ്പായ, മുരിങ്ങ, വാഴ കൃഷി, പൂള എന്നിവ വ്യാപിപ്പിക്കുക | 1 വർഷം |
| എല്ലാകുട്ടികൾക്കും ശുദ്ധമായ കുടിവെള്ളം അടുത്ത് കിട്ടുന്നില്ല | • എല്ലാ ക്ലാസിലും ചുക്കുവെള്ളം എത്തിക്കുക<br>• എല്ലാ ക്ലാസിലും ഫില്ലർടാങ്ക് സ്ഥാപിക്കുക | |
| പോഷകാഹാരക്കുറവ് | • എല്ലാ മാസവും ഒരു ദിവസം മാംസാഹാരം നൽകുക<br>• ജൈവ പച്ചക്കറി ഉപയോഗിക്കുക<br>• എന്റെ ഇഷ്ടഭക്ഷണം പദ്ധതി നടപ്പാക്കുക | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല:

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികളിലും രക്ഷിതാക്കളിലും ആരോഗ്യകരമായ ഭക്ഷണ ശീലത്തിന്റെ അറിവില്ലായ്മ | • ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുക<br>ഭക്ഷണ ശീലത്തെ പറ്റി ക്ലാസ്സ്<br>പ്രാദേശിക പാചകരീതി പരിചയപ്പെടൽ | |
| ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ കഴിയുന്നില്ല. | • ബാക്കിയുള്ള ഭക്ഷണം, ആവശ്യമുള്ള കുട്ടികൾക്ക് വീട്ടിൽ കൊണ്ട് പോകാം<br>• സ്കൂളിൽ ഒരു ഫാം ,ശാസ്ത്രീയ കംബോസ്റ്റ് നിർമ്മിക്കുക, കോഴി ഫാം | 1 വർഷം |
| ഉച്ചഭക്ഷണം കൃത്യമായി മോണിറ്ററിംഗ് നടക്കുന്നില്ല | • കൈത്താങ്ങ് (ഒരു ദിവസം തന്റെ കുട്ടിക്ക് വേണ്ടി)<br>• എന്റെ ക്ലാസിന്റെ ഭക്ഷണം<br>• ഉച്ചഭക്ഷണത്തിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക | |
| എല്ലാവരും ഉച്ചഭക്ഷണം കഴിക്കുന്നില്ല | • ഭക്ഷണം കഴിക്കുന്നവരുടെയും അല്ലാത്തവരുടെയും സർവെ<br>• പരിഹാര ബോധനം<br>വൈവിധ്യ ഭക്ഷണം<br>• ഭക്ഷണം തയ്യാറാക്കി ക്ലാസുകളിൽ pack ചെയ്ത് എത്തിക്കുക | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: പൂർവ്വ വിദ്യാർത്ഥി അധ്യാപക കൂട്ടായ്മ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പൂർവ്വ വിദ്യാർത്ഥികളുടെ വിവരങ്ങൾ കണ്ടെത്തിയിട്ടില്ല | • അവരുടെ വിവരങ്ങൾ ശേഖരിക്കൽ ഫോൺ നമ്പർ എന്നിവ കണ്ടെത്തൽ<br>• അവരുടെ സംഘടന രൂപീകരിക്കൽ<br>• വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ | 2025 മുതൽ |
| അവരുടെ കൂട്ടായ്മ രൂപീകരിച്ചിട്ടില്ല | • ഓരോ ഏരിയ തിരിച്ച് പൂർവ്വ വിദ്യാർഥി ലിസ്റ്റ് തയ്യാറാക്കൽ<br>• ഏരിയയുടെ അടിസ്ഥാനത്തിൽ കോർണർ ഗ്രൂപ്പ് ഉണ്ടാക്കൽ<br>• അതിൽ നിന്നും സാമ്പത്തികമായി, വിദ്യാഭ്യാസപരമായി ഉയർന്ന നിൽക്കുന്നവർ കലാ കായിക മേഖലയിലെ പ്രതിഭകൾ എന്നിവരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കൽ | 2025-2026 |
| സ്കൂളിന്റെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ പൂർവ്വ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിട്ടില്ല | • സ്കൂളിന്റെ വികസനത്തിന് വേണ്ട ഫണ്ട് രൂപീകരണം<br>• പൂർവ്വ വിദ്യാർത്ഥികളുടെ കലാപരിപാടികൾ റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കൽ അതിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകൽ, ചിത്രം, പാട്ട്, നൃത്തം എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾ പരിശീലനം നൽകൽ<br>• കായിക മത്സരങ്ങളിൽ പങ്കാളിത്തം<br>• ട്രെയിനിംഗ് നൽകൽ | 2025-2026 |
| പൂർവ്വ അധ്യാപക കൂട്ടായ്മ രൂപീകരിച്ചിട്ടില്ല. | • പൂർവ്വ അധ്യാപക കൂട്ടായ്മ രൂപീകരിക്കുന്നു. പ്രവർത്തനം ആസൂത്രണം ചെയ്യുന്നു | 2025 |

### പ്രവർത്തനം

പേര് യൂണിറ്റ് : വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

### ശുചീകരണ പ്രവർത്തനം

ആഴ്ചയിലൊരു ദിവസം കുട്ടികളും അധ്യാപകരും ചേർന്ന് ഡ്രൈ ഡേ ആചരിക്കുകയും എല്ലാ ദിവസവും സ്കൂൾ പരിസരം വൃത്തിയാക്കുവാൻ അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പങ്കാളിത്തത്തോടെ ഒരാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരം മഴക്കാടുകൾ കയറി നിറയുന്ന സമയത്ത് കുടുംബശ്രീക്കാരുടെ സഹകരണത്തോടെ തുച്ഛമായ വരുമാനത്തിൽ മഴക്കാടുകൾ വെട്ടി നിരത്തുകയും സ്കൂൾ പരിസരം വൃത്തിയാക്കുകയും ചെയ്യാറുണ്ട്.

### മികവ്

2024-25 അധ്യയന വർഷം പ്രവൃത്തിപരിചയ രംഗത്തും കലോത്സവ രംഗത്തും ഈ സ്കൂളിന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സബ്ജില്ലാ കലോത്സവത്തിൽ യു.പി.യ്ക്ക് സെക്കന്റ് ഓവറോൾ നേടാൻകഴിഞ്ഞത് സ്കൂളിന്റെ ചരിത്ര നേട്ടമായി. സ്കൂളിന്റെ മികവുമായി ബന്ധപ്പെടുത്തി ഇലച്ചാർത്ത്, നാട്ടറിവ് എന്നീ പേരുകളിൽ നടത്തിയ പ്രവർത്തന പദ്ധതി വിദ്യാഭ്യാസ വകുപ്പിന്റെ പ്രശംസ പിടിച്ച് പറ്റുന്നതിന് ഞങ്ങൾക്ക് കഴിഞ്ഞു. പമ്പാ മണിമല സംഗമ ഭൂമിയിൽ ഒരു വർഷത്തെ സ്കൂൾ മികവുകൾ (പഠനോത്സവം - നവായനം) അവതരിപ്പിച്ചത് സ്കൂളിന്റെ മറ്റൊരു നേട്ടമായി. കുട്ടികൾ അവതരിപ്പിച്ച ഹരിത പാർലമെന്റ് വളരെ ശ്രദ്ധേയമായി. കുട്ടികളുടെ പാർലമെന്റ് തിരഞ്ഞെടുപ്പ് വിദ്യാഭ്യാസമന്ത്രി അദ്ദേഹത്തിന്റെ ഫേസ്ബുക്കിൽ ഷെയർ ചെയ്തതും ഒരു നേട്ടമായി. 4 കുട്ടികൾ എൻ.എസ്. എസ് സ്കോളർഷിപ്പിന് മാറ്റുരച്ചു. മാതൃഭൂമി സീഡിന്റെ ഹരിതജ്യോതി പുരസ്കാരം സ്കൂളിന് ലഭിച്ചത് മറ്റൊരു ശ്രദ്ധേയമായ നേട്ടമായി.രക്ഷകർത്താക്കളുടെ പങ്കാളിത്തത്തോടെ കോർണർ പി.ടി.എ വിജയകരമായ രീതിയിൽ നടത്തുവാൻ സാധിച്ചു. സമേതം - ഗൃഹസന്ദർശനം വളരെ വിജയകരമായി പൂർത്തിയാക്കുന്നതിന് സാധിച്ചു. അവധിക്കാല വായന പരിപോഷണ പരിപാടിയായ മാഞ്ചുവട്ടിലെ വായന വളരെ ഭംഗിയായി പൂർത്തീകരിക്കുന്നതിന് സാധിച്ചു. ഈ അധ്യയന വർഷത്തിൽ 37 കുട്ടികൾ പുതിയതായി അഡ്മിഷൻ നേടിയത് എടുത്തു പറയേണ്ട മികവാണ്. എച്ച്. എം ഉൾപ്പെടെ 8 പോസ്റ്റുകളാണ് നിലവിൽ ഉള്ളത്. 4 സ്ഥിര നിയമന അധ്യാപകരും ഒരു നോൺടീച്ചിംഗ് സ്റ്റാഫും 3 ദിവസ വേതന അധ്യാപകരും പ്രീപ്രൈമറി വിഭാഗത്തിൽ പി.ടി.എ നിയമിച്ച 2അധ്യാപകരും ആണ് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്.

### ഉപസംഹാരം

പൊതുവിദ്യാഭ്യാസം എന്ന ആശയം തന്നെ മഹത്തായ ഒരു സാമൂഹ്യ സൃഷ്ടിക്ക വേണ്ടിയുള്ള ഉദാത്തമായ മുഖമെഴുത്താണ്. ഓരോ വിദ്യാലയവും വിദ്യാർത്ഥിക്ക് വിശാലലോകത്തിന്റെ വാതായനമാണ് തുറന്നിടുന്നത്. പുതുതലമുറയുടെ ഉള്ളുണർത്തലാണ് വിദ്യാഭ്യാസത്തിന്റെ കർത്തവ്യം. ലക്ഷ്യസാധ്യത്തിന് വേണ്ടിയുള്ള നിരവധി അക്കാദമിക, അനക്കാദമിക പ്രവർത്തനങ്ങളാണ് ഈ വിദ്യാലയ അക്കാദമി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അധ്യാപകരും രക്ഷിതാക്കളും, വിദ്യാർത്ഥികളും ഒന്ന് ചേർന്നുള്ള യാത്ര അതിനെ ലക്ഷ്യത്തിലെത്തിക്കും. അങ്ങനെ "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ആപ്തവാക്യത്തെ തൊട്ട് നിൽക്കാൻ നമുക്ക് കഴിയുമെന്ന് ഉറച്ച് വിശ്വസിക്കുന്നു. ഒരേ ലക്ഷ്യത്തിലേക്ക് ഒരുമിച്ച് നടന്നു നീങ്ങാം...